Mathrubhumi 26.11.17

# വണ്ടിയോടിക്കാം; കൂടെ കൃഷിയും ചെയ്യാം

സോളാറിലും ബാറ്ററിയിലും പ്രവർത്തിക്കുന്ന മുച്ചക്ര കാർഷികോപകരണ വണ്ടിയായിരുന്നു ശാസ്ത്രോത്സവത്തിലെ താരം. കൊടുങ്ങല്ലൂർ ഹയർസെക്കൻഡറി സ്കൂളിലെ ബാസിം അക്തറും കെ.എസ്. സാദും ഭിന്നശേഷിക്കാരെക്കൂടി ലക്ഷ്യംവെച്ചാണ് മൾട്ടിപർപ്പസ് അഗ്രികൾച്ചറൽ മെഷീൻ നിർമിച്ചത്. മാം എന്ന് പേരിട്ട യന്ത്രംകൊണ്ട് വിതയ്ക്കാനും നനയ്ക്കാനും കിളയ്ക്കാനും കുഴിയെടുക്കാനും കഴിയും. വീടുകളിലെ കൃഷിയാവശ്യത്തിനും ചെറുകിടഫാമുകളിലും ഏറെ ഉപയോഗപ്രദം. 48 വാട്ട് ബാറ്ററി പാക്ക്, ഹബ് മോട്ടർ, സോളാർ പാനൽ, ട്രൈസൈക്കിൾ എന്നിവകൊണ്ടാണ് ഇതിന്റെ നിർമിതി. ഏകദേശം 10,000 രൂപയാണ് നിർമാണച്ചെലവ്.



മൾട്ടിപർപ്പസ് അഗ്രിക്കൾച്ചറൽ മെഷീനുമായി കൊടുങ്ങല്ലൂർ ഹയർസെക്കൻഡറി സ്കൂളിലെ ബാസിം അക്തറും കെ.എസ്. സാദും